# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.71/PR/PIC/PHQ/18 Date : 22.03.2018

---

## ഹയർ സെക്കൻഡറി ചോദ്യപേപ്പർ ചോർച്ച : സൈബർ ക്രൈം സ്റ്റേഷൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

സംസ്ഥാന ഹയർസെക്കൻഡറി ഫിസിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ വാട്ട്സ് ആപ്പ് വഴി പ്രചരിപ്പിച്ചെന്ന പരാതിയിൽ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം സൈബർക്രൈം പോലീസ് സ്റ്റേഷൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. 21 -ാം തീയതി നടത്തിയ ഫിസിക്സ് പരീക്ഷ ചോദ്യപേപ്പർ ചോർത്തി വാട്ട്സ് ആപ്പ് വഴി പ്രചരിപ്പിച്ചതായാണ് പരാതി. തൃശൂർ ജില്ലാ കോ-ഓർഡിനേറ്റർക്ക് വാട്ട്സ് ആപ്പ് വഴി ഇത് ലഭിക്കുകയും തുടർന്ന് അദ്ദേഹം അത് ഹയർ സെക്കൻഡറി ജോയിന്റ് ഡയറക്ടർക്ക് തുടർ നടപടിക്കായി അയച്ചു നൽകുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ഹയർ സെക്കൻഡറി ഡയറക്ടർ അന്വേഷണം ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നല്കിയിരുന്നു. ചോദ്യപേപ്പർ പകർത്തി എഴുതി തയ്യാറാക്കിയ രീതിയിലായിരുന്നു വാട്ട്സ് ആപ് വഴി പ്രചരിച്ചിരുന്നത്. ഐ.പി.സി 406, ഐ.ടി. ആക്ട് 43, 66 വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എത്രയും വേഗം ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടു വരുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു.

***************